മത്സ്യഫെഡിന്റെ പ്രവർത്തനം

3 (2878) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഫെഡ് ഈ വർഷം നടപ്പിലാക്കിയ പുതിയ പദ്ധതികൾ എന്തെല്ലാമാണ് ;

(ബി) ഈ വർഷം എന്തൊക്കെ ആനുകൂല്യങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത് ;

(സി) മത്സ്യഫെഡിൽ 31-12-1999 വരെ എത്ര സംഘങ്ങൾ അഫിലിയേഷനുവേണ്ടി അപേക്ഷ നൽകിയിട്ടുണ്ട് ; ഇതിൽ എത്രയെണ്ണത്തിന് അംഗത്വം നൽകിയിട്ടുണ്ട് ; ഈ സംഘങ്ങളുടെ പേര് ലഭ്യമാക്കുമോ ;

(ഡി) 31-12-1999-നു ശേഷം എത്ര സംഘങ്ങൾക്ക് അഫിലിയേഷൻ നൽകി ; പ്രസ്തുത സംഘങ്ങൾ ഏതെല്ലാമാണ് ;

(ഇ) അഫിലിയേഷൻ നൽകാതെ നിരസിച്ച അപേക്ഷകൾ എത്ര; പ്രസ്തുത സംഘങ്ങൾ ഏതെല്ലാമാണ് ?

ഉത്തരം

(എ) മത്സ്യഫെഡ് ഈ വർഷം നടപ്പിലാക്കിയ പുതിയ പദ്ധതികൾ താഴെ പറയുന്നവയാണ്.

(1) ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ സഹായത്തോടെയുള്ള പദ്ധതി.

(2) ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ സഹായത്തോടെയുള്ള പദ്ധതി.

(3) സംയോജിത മത്സ്യ വികസന പദ്ധതി 1999-2000.

(ബി) ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെയും ദേശീയ ന്യൂനപക്ഷ വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെയും സഹായ തുക വിവിധ ജില്ലകൾക്കായി വിതരണം ചെയ്തു കഴിഞ്ഞു. ഇതിന്റെ പദ്ധതി തിരിച്ചുള്ള വിതരണം നടന്നുവരുന്നു. എൻ. സി. ഡി. സി. സഹായത്തോടെ നടപ്പിലാക്കുന്ന സംയോജിത മത്സ്യവികസന പദ്ധതി 1999 പ്രകാരം മത്സ്യബന്ധന ഉപകരണങ്ങളുടെ വിതരണത്തിന് അനുവദിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1 (എ), 1 (ബി) എന്നിവയിൽ ചേർത്തിരിക്കുന്നു.*

ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിൽ നിന്നും പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷനിൽ നിന്നും 1999-2000-ാം ആണ്ട് ലഭിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1 (സി) യിൽ ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 676 അപേക്ഷകൾ. 641 പ്രാഥമിക സഹകരണ സംഘങ്ങൾക്കും 5 ജില്ലാ സംഘങ്ങൾക്കും അഫിലിയേഷൻ നൽകിയിട്ടുണ്ട്. അഫിലിയേഷൻ നൽകിയിട്ടുള്ള സംഘങ്ങളുടെ പേര് അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു. *

(ഡി) 16 സംഘങ്ങൾക്ക്. സംഘങ്ങളുടെ പേരുവിവരം അനുബന്ധം 3-ൽ ചേർത്തിരിക്കുന്നു. *

(ഇ) 35 എണ്ണം. സംഘങ്ങളുടെ പേരുവിവരം അനുബന്ധം 4-ൽ ചേർത്തിരിക്കുന്നു. *

നെയ്യാർഡാമിലെ ദേശീയ മത്സ്യ വിത്തുല്പാദനകേന്ദ്രം

4 (2879) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാർഡാമിലെ ദേശീയ മത്സ്യ വിത്തുല്പാദന കേന്ദ്രത്തിന് നാളിതുവരെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എത്ര തുക ചെലവഴിച്ചിട്ടുണ്ട് ;

(ബി) നെയ്യാർഡാമിലെ "അക്വേറിയം" കെട്ടിടം പണിയുന്നതിന് നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത അക്വേറിയം കെട്ടിടം പണിപൂർത്തീകരിക്കുന്നതിന് എത്ര തുക കൂടി വേണമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ഡി) അക്വേറിയം തുറക്കുന്നതിന് കെട്ടിടം പണിയിനത്തിലല്ലാതെ ഇനി എന്തു തുക വേണ്ടിവരും ; ഇതിനുള്ള തുക വകയിരുത്തിയിട്ടുണ്ടോ ;

(ഇ) ഈ പദ്ധതിയിൽ സാമ്പത്തിക ക്രമക്കേടും അഴിമതിയും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ;

(എഫ്) പ്രസ്തുത കേന്ദ്രത്തിനനുവദിച്ച തുക മുഴുവനും അക്വേറിയം പണിയാനായി ചെലവഴിച്ചതിനെക്കുറിച്ച് അന്വേഷണം നടത്തി ഉത്തരവാദികളെ കണ്ടെത്തി അവർക്കെതിരെ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ നാളിതുവരെ 26 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ ഇക്കാര്യത്തിൽ തുക ഒന്നും ചെലവഴിച്ചിട്ടില്ല.

(ബി) 64,23,217 രൂപ ചെലവാക്കിയിട്ടുണ്ട്.

(സി) 31 ലക്ഷം രൂപകൂടി വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്.

(ഡി) ഇനിയും 45 ലക്ഷം രൂപ വേണ്ടിവരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

(ഇ& എഫ്) ഇക്കാര്യം പരിശോധിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly